**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3512** **02-03-2023 - ൽ മറുപടിയ്ക്ക്**

**കർഷകന് കാർഷിക ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക അനുബന്ധ ഉപകരണങ്ങളും യന്ത്രങ്ങളും കൃഷിക്കാർക്ക് ലഭ്യമാക്കുന്ന എത്ര സർക്കാർ സ്ഥാപനങ്ങൾ തിരുവനന്തപുരം ജില്ലയിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കിഴക്കേകോട്ടയിലുള്ള ജില്ലാ ഓഫീസ് മുഖേനയും അതിനോടനുബന്ധിച്ചുള്ള അഗ്രോ സൂപ്പർ ബസാർ വഴിയും കർഷകർക്ക് ആവശ്യമായ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിൽപ്പന നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | പമ്പ്സെറ്റ്, സ്പ്രെയർ, ഗാർഡൻടില്ലർ, ബ്രഷ്കട്ടർ, പവർടില്ലർ, ചാഫ് കട്ടർ, ട്രാക്ടർ, കൊയ്ത്തുമെതിയന്ത്രം, ചെയിൻസോ, പവർ വീഡർ, എർത്ത് ഓഗർ, കോക്കനട്ട് ഡിഹസ്കർ, അലൂമിനിയം ലാഡർ, ലൈറ്റ് ട്രാപ്പ്, പോൾ പ്രൂണർ, വീൽ ബാരോ, കോക്കനട്ട് ക്ലൈംബർ, ഡ്രിപ്പ് ഇറിഗേഷൻ ഇനങ്ങൾ, വിവിധയിനം വെട്ടുകത്തികൾ, ഗാർഡൻ റേക്ക്, ഹാൻഡ് കൾട്ടിവേറ്റർ, ഹാൻഡ് ട്രാൻസ്പ്ലാന്റർ, ഹാൻഡ് വീഡർ, പ്രൂണിംഗ് സോ, കളയെടുക്കൽ ഫോർക്ക്, കള നിയന്ത്രണ ഉപകരണം, മൺവെട്ടി, ഹാൻഡ് ട്രവൽ, കുന്താലി, നാടൻ തൂമ്പ, അരിവാൾ, പിക്കാസ്, കായീച്ചകെണി തുടങ്ങി എല്ലാ കാർഷിക ഉപകരണങ്ങളും ലഭ്യമാണ്. |
| (സി) | പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്ന കർഷകന് സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ ഓരോന്നിനും എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കാലാകാലങ്ങളിൽ കർഷകർക്ക് കേരള സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കേന്ദ്ര സർക്കാർ (SMAM) സബ്സിഡി സ്കീം എന്നിവ വഴിയുള്ള കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിപണനം നടത്തുന്നുണ്ട്. SMAM പദ്ധതി മുഖേന ചെറുകിട യന്ത്രങ്ങൾ മുതൽ കൊയ്ത്തുമെതിയന്ത്രം വരെയും, വിള സംസ്കരണവുമായി ബന്ധപ്പെട്ട ഡ്രയറുകൾ, മില്ലുകൾ തുടങ്ങിയവയും വാങ്ങി ഉപയോഗിക്കുന്നതിനും വാടകയ്ക്ക് നൽകുന്നതിനും കർഷകർക്കും, കർഷകഗ്രൂപ്പുകൾക്കും സംരംഭകർക്കും 40% മുതൽ |

| | | | |
|---|---|---|---|
| | | | 80% വരെ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ